**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം -ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ.നീലകണ്ഠൻ.റ്റി ഫയൽ ചെയ്ത ഒ.എ (ഇകെഎം) നം. 914/2016 നമ്പർ കേസിലെ 03/10/2017-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കിക്കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ. (സാധാ)നം.1805/2018/തസ്വഭവ തിരുവനന്തപുരം, തീയതി: 30/06/2018

---

പരാമർശം :
1) ശ്രീ.റ്റി.നീലകണ്ഠൻ ഗ്രാമവികസന കമ്മീഷണർക്ക് സമർപ്പിച്ച 19/07/2014-ലെ അപേക്ഷ.
2) ശ്രീ.റ്റി.നീലകണ്ഠൻ സർക്കാരിൽ സമർപ്പിച്ച 27/07/2015-ലെ നിവേദനം.
3) സ.ഉ (സാധാ) നം.3885/15/തസ്വഭവ തീയതി 29/12/2015
4) ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ (ഇകെഎം) 914/2016 നമ്പർ കേസിലെ 30/10/2017- ലെ ഉത്തരവ്.
5) ശ്രീ.റ്റി.നീലകണ്ഠൻ സമർപ്പിച്ച 08/02/2018-ലെ നിവേദനം.
6) ഗ്രാമവികസന കമ്മീഷണറുടെ 02/02/2018-ലെ 13872/എസ്റ്റാ.ബി2/16/ സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ ആയി ജോലി ചെയ്തു വരുന്ന ശ്രീ.റ്റി.നീലകണ്ഠൻ തനിക്ക് മാതൃവകുപ്പായ ഗ്രാമവികസന വകുപ്പിൽ സീനിയോറിറ്റി പുന:സ്ഥാപിച്ച് തിരികെ വരുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം 1 പ്രകാരം ഗ്രാമവികസന കമ്മീഷണർക്ക് നൽകിയ അപേക്ഷ പരിഗണിക്കപ്പെടാത്തതിനാൽ പരാമർശം 2 പ്രകാരം സർക്കാരിന് ശ്രീ.നീലകണ്ഠൻ അപേക്ഷ സമർപ്പിക്കുകയും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I തസ്തികയിൽ ജൂനിയർ മോസ്റ്റായി ശ്രീ.നീലകണ്ഠന് നിയമനം നൽകുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകി പരാമർശം 3 പ്രകാരം സർക്കാർ ഉത്തരവാകുകയും ചെയ്തു. (Annexure A6 order)

ടി ഉത്തരവിനെതിരെ ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഒ.എ (ഇകെഎം) 914/16 നമ്പർ കേസ് ഫയൽ ചെയ്യുകയും പരാമർശം 4 ലെ ഉത്തരവിൽ Annexure A6 order റദ്ദ് ചെയ്യുകയും അപേക്ഷകൻ സർക്കാരിന് വിധിന്യായത്തിന്റെ സർട്ടിഫൈഡ് കോപ്പി സഹിതം അപേക്ഷ സമർപ്പിക്കാനും ടി നിവേദനം ലഭിച്ച് മൂന്ന് മാസത്തിനകം ടിയാന് നേരിൽ കേൾക്കാൻ അവസരം നൽകി നിവേദനത്തിന്മേൽ തീരുമാനം എടുക്കാൻ ഉത്തരവാകുകയും ചെയ്തു. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിൽ താഴെപറയും പ്രകാരം ഉത്തരവായി. "The contention of the applicant that he had submitted his application before expiry of the term of five years and that the orders could not be issued reappointing him in the parent department before the five year term due to the delay in processing of the application and therefore his reoption should

be treated as one with effect from the date of his application has to be considered by the first respondent with the sympathy it deserved. The contention of the applicant that any department could defeat the applications for repatriation even if the same was filed within a reasonable period before the expiry of the term of five years by delaying the processing of the same, requires consideration. The first respondent shall consider this aspect well. In order to enable the first respondent to reconsider the matter, Annexure A6 order is hereby set aside. The applicant shall prefer a representation along with the certified copy of this order before the first respondent. The first respondent on receipt of such representation consider the matter afresh after affording an opportunity of hearing to the applicant. The first respondent shall pass appropriate orders on merits in accordance with law and the observations herein within a period of three months from the date of receipt of a copy of this order. Original application is accordingly disposed of".

ബഹു.കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.നീലകണ്ഠനെ 08/02/2018-ന് നേരിൽ കേട്ടു. നേരിൽ കേട്ട വേളയിൽ ടിയാൻ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് മുമ്പാകെ നിവേദനം സമർപ്പിച്ചു. ടിയാൻ സമയബന്ധിതമായി തന്നെ അതായത് 5 വർഷം പൂർത്തിയാക്കുന്നതിനു മുമ്പായി തന്നെ 19/07/2014 ന് മാതൃവകുപ്പിലേക്ക് തിരികെ പോകുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും സഹകരണ വകുപ്പിൽ നിന്നും ഗ്രാമവികസന കമ്മീഷണറേറ്റിലേക്ക് അപേക്ഷ അയയ്ക്കുന്നതിനുണ്ടായ കാലതാമസം കാരണമാണ് ഗ്രാമവികസന കമ്മീഷണറേറ്റിൽ സീനിയോറിറ്റി പുന:സ്ഥാപിക്കാൻ സാധിക്കാത്തതെന്നും അറിയിച്ചു. എന്നാൽ ആയത് തെളിയിക്കാനുള്ള ഒരു രേഖകളും ടിയാൻ ഹാജരാക്കിയിരുന്നില്ല. എന്നാൽ 5 വർഷം കഴിഞ്ഞിട്ടാണ് 19/7/2014 ലെ അപേക്ഷ ലഭിച്ചത് എന്നുള്ളതിനാൽ ടിയാന്റെ അപേക്ഷ പരിഗണിക്കാനാവില്ലെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'ശ്രീ.റ്റി.നീലകണ്ഠൻ അഞ്ചു വർഷം തികയുന്ന തീയതിയായ 08/09/2014-ന് 51 ദിവസം മുമ്പ് (19/07/2014-ന്) മാത്രമാണ് തന്റെ കൺട്രോളിങ്ങ് ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ബഹു.ട്രിബ്യൂണലിന്റെയും, ബഹു. ഹൈക്കോടതിയുടേയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയാണെങ്കിൽ ടിയാൻ അപേക്ഷ സമർപ്പിച്ചത് ഒരു യുക്തമായ കാലപരിധിക്കുള്ളിലാണെന്നു കാണുന്നില്ല. പുനർ നിയമനത്തിന് അപേക്ഷിക്കുന്ന ഒരാൾ അതിന്റെ വ്യവസ്ഥകളെക്കുറിച്ചും കാലപരിധിയെക്കുറിച്ചും ബോധവാനായിരിക്കേണ്ടതാണ്. KS&SSR ചട്ടം 8 ന് താഴെയുള്ള നോട്ട് മൂന്നു പ്രകാരമുള്ള ഭേദഗതി 14/06/2013 തീയതി പ്രാബല്യത്തിൽ (അപേക്ഷകൻ അപേക്ഷ സമർപ്പിക്കുന്നതിനും ഒരു വർഷം മുമ്പ്) നിലവിൽ വന്നതാണ്. അതിനാൽ പുനർ നിയമനം സംബന്ധിച്ച ചട്ടത്തിലെ വ്യവസ്ഥ സംബന്ധിച്ച് അപേക്ഷകനു പൂർണ്ണമായും അറിവുള്ളതാണെന്നു മാത്രമേ ധരിക്കാനാവൂ. അതിനാൽ കുറഞ്ഞപക്ഷം തന്റെ അപേക്ഷ പുനർനിയമനം നൽകുന്നതിന് ചുമതലപ്പെട്ട അധികാരിയുടെ കാര്യാലയത്തിൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാൻ നിയമനാധികാരിക്ക് സാവകാശം ലഭിക്കുന്ന ഒരു സമയപരിധിക്കുള്ളിൽ എത്തിയെന്ന് ഉറപ്പുവരുത്തുന്നതിന് അപേക്ഷകൻ തീർച്ചയായും ബാദ്ധ്യസ്ഥനാണ്. എന്നാൽ യുക്തമായ കാലപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിനും, ആയത് നിശ്ചിത കാലപരിധിക്കുള്ളിൽ ഉചിതമായ അധികാരിയിൽ എത്തിയെന്നു ഉറപ്പുവരുത്തുന്നതിലും അപേക്ഷകന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണുന്നു. യഥാസമയം സമർപ്പിച്ച അപേക്ഷയിന്മേൽ ന്യായീകരിക്കത്തക്കതല്ലാത്തതും ബോധപൂർവ്വവുമായ കാലതാമസം ഉത്തരവു പുറപ്പെടുവിക്കുന്നതിൽ കമ്മീഷണർ വരുത്തിയെങ്കിൽ മാത്രമേ ടിയാനു ആനുകൂല്യം നൽകേണ്ടതായുള്ളൂ.

മേൽ സാഹചര്യത്തിൽ മാതൃവകുപ്പായ ഗ്രാമവികസന വകുപ്പിലേക്ക് സീനിയോറിറ്റി പുന:സ്ഥാപിച്ച് കൊണ്ട് തിരികെ വരണമെന്ന് ആവശ്യപ്പെട്ട് ശ്രീ.നീലകണ്ഠൻ സമർപ്പിച്ച പരാമർശം 5 ലെ നിവേദനം നിരസിച്ചുകൊണ്ടും അപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 03/10/2017-ലെ ഉത്തരവ് നടപ്പാക്കികൊണ്ടും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്**

**സ്പെഷ്യൽ സെക്രട്ടറി**

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2) അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, എറണാകുളം (ആമുഖകത്ത് സഹിതം)
3) ശ്രീ.റ്റി.നീലകണ്ഠൻ, സീനിയർ ഓഡിറ്റർ, സഹകരണസംഘം അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, ഒറ്റപ്പാലം.
4) അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6) ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പിന്റെ 25/05/2018-ലെ 59/ബി2/2018/പി&എആർഡി
7) വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & newmedia)
8) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ